**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5535** **05-07-2024 - ൽ മറുപടിയ്ക്ക്**

**പക്ഷിപ്പനി പ്രതിരോധത്തിന് ശാസ്ത്രീയ രീതികൾ അവലംബിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പക്ഷിപ്പനി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; മുൻകാലങ്ങളിൽ നവംബർ, ഡിസംബർ മാസങ്ങളിൽ വ്യാപകമായി കണ്ടുവന്നിരുന്ന പക്ഷിപ്പനി ഇത്തവണ ഏപ്രിൽ മാസത്തിൽ തന്നെ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യം പരിശോധിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് മുൻകാലങ്ങളിൽ നവംബർ, ഡിസംബർ മാസങ്ങളിൽ വ്യാപകമായി കണ്ടുവന്നിരുന്ന പക്ഷിപ്പനി ഈ വർഷം ഏപ്രിൽ മാസത്തിൽ തന്നെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി വിഷയം പരിശോധിക്കുന്നതിന് 19/06/2024 ലെ G.O.(Rt) No.339/2024/AHD പ്രകാരം വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി (KVASU), സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ് (SIAD), മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട ഉയർന്ന ഉദ്യോഗസ്ഥർ, സംസ്ഥാന ജന്തുരോഗ നിയന്ത്രണ പദ്ധതി (ADCP-HQ) പ്രൊജക്റ്റ് കോ-ഓർഡിനേറ്റർ, സ്റ്റേറ്റ് എപ്പിഡെമിയോളജിസ്റ്റ് എന്നിവരെ ഉൾപ്പെടുത്തി സംസ്ഥാനതലത്തിൽ ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | താറാവുകളിലും കോഴികളിലും മാത്രം ബാധിച്ചിരുന്ന പക്ഷിപ്പനി കാക്ക, പരുന്ത്, കൊക്ക് തുടങ്ങിയ പക്ഷികളിൽ കൂടി സ്ഥിതീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | 2024 ജൂൺ മാസത്തിൽ സംസ്ഥാനത്ത് താറാവുകളിലും കോഴികളിലും കൂടാതെ കാടക്കോഴി, കാക്ക, എഗ്രെറ്റ് (egret), കൈറ്റ് (kite), പീഹെൻ (peahen), പ്രാവ് എന്നീ പക്ഷികളിലും പക്ഷിപ്പനി സ്ഥിരീകരിച്ചതായി ICAR-NIHSAD റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത സാഹചര്യത്തിൽ രോഗവ്യാപനം തടയുന്നതിനും രോഗപ്രതിരോധത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (സി) | രോഗവ്യാപനം തടയുന്നതിനും രോഗപ്രതിരോധത്തിനുമായി കേന്ദ്ര സർക്കാരിന്റെ 2021ലെ Revised 'Action Plan for Prevention, Control, and Containment of Avian Influenza - GOI' പ്രകാരമുള്ള രോഗപ്രതിരോധ പ്രവർത്തനങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ട്. |
| (ഡി) | ജൈവ സുരക്ഷാ നടപടികൾ കർശനമായി പാലിക്കുന്ന സർക്കാരിന്റെ ഫാമുകളിൽ പോലും പക്ഷിപ്പനി ഉണ്ടായിട്ടുള്ള സാഹചര്യം | (ഡി) | സംസ്ഥാനത്ത് പക്ഷിപ്പനി രോഗബാധ അടിക്കടി ഉണ്ടാകുന്ന സാഹചര്യത്തിൽ പക്ഷിപ്പനി രോഗബാധ വരുവാനുള്ള കാരണം, പുതിയ സ്ഥലങ്ങളിലേക്കുള്ള |

| | | | |
|---|---|---|---|
| | കണക്കിലെടുത്ത് ഈ വിഷയത്തെക്കുറിച്ച് പഠിക്കുന്നതിന് വിദഗ്ധ സംഘത്തെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | | വ്യാപനം, ദേശാടനപ്പക്ഷികളുടെ വരവ്, രോഗനിരീക്ഷണം തുടങ്ങിയ കാര്യങ്ങൾ സമഗ്രമായി വിലയിരുത്തുന്നതിനുമായി 19/06/2024 ലെ G.O(Rt) No.339/2024/AHD പ്രകാരം സംസ്ഥാനതലത്തിൽ ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ടി സംഘം രോഗബാധ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങൾ സന്ദർശിച്ച്, പരിശോധനാ റിപ്പോർട്ട് ഉടൻ സമർപ്പിക്കുന്നതാണ്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ജില്ലാതല-സംസ്ഥാനതല രോഗപ്രതിരോധ നടപടികൾ, ത്വരിതഗതിയിൽ കൈക്കൊള്ളേണ്ട നടപടികൾ, ദീർഘകാല പദ്ധതികൾ എന്നിവ തയ്യാറാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ